KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**23.05.2009**

# സംസ്ഥാനത്ത് മൂന്ന് പുലരി കേന്ദ്രങ്ങൾ കൂടി പ്രവർത്തനമാരംഭിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് മൂന്ന് പുലരി കേന്ദ്രങ്ങൾ കൂടി പ്രവർത്തനം ആരംഭിച്ചു. കണ്ണൂർ പരിയാരം മെഡിക്കൽകോളജ്, എറണാകുളം സഹകരണ മെഡിക്കൽകോളജ്, കോട്ടയം ജില്ലാ ആശുപത്രി എന്നിവിടങ്ങളിലാണ് പുതുതായി പുലരി കേന്ദ്രങ്ങൾ ആരംഭിച്ചത്. ഇതോടെ സംസ്ഥാനത്തെ പുലരി കേന്ദ്രങ്ങളുടെ എണ്ണം 21 ആയി.

ലൈംഗികരോഗ ചികിത്സ യഥാസമയം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ ആരോഗ്യവകുപ്പിനു കീഴിലുള്ള എയ്ഡ്സ് നിയന്ത്രണ പരിപാടിയുടെ ഭാഗമായി പുലരി കേന്ദ്രങ്ങൾ ആരംഭിച്ചിരിക്കുന്നത്. ഈ കേന്ദ്രങ്ങളിൽ കൂടി ശരിയായ രോഗനിർണയവും ചികിത്സയും സൗജന്യമായി ലഭ്യമാകും. ചികിത്സയ്ക്കു വിധേയമാകുന്ന ആളും അയാളുടെ പങ്കാളിയും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിദഗ്ധോപദേശവും ലഭിക്കും. കൂടാതെ, ചികിത്സയ്ക്കു വിധേയനായ ആളിന്റെ പങ്കാളിക്കും പുലരി കേന്ദ്രങ്ങൾ മുഖേന ചികിത്സ ലഭ്യമാക്കും.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**